# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 29/05/ 2020


## ലോക്-ഡൗൺ ലംഘനം 12 വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പോലീസ് നടപടി

കൊല്ലം : ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് കൊല്ലംസിറ്റി പരിധിയിൽ 66 കേസുകളിൽ 73 പേർക്കെതിരെ കേസ്‌രജിസ്റ്റർ ചെയ്തു. 30 വാഹനങ്ങൾ പിടിച്ചെടുത്തു. മാസ്ക് ധരിക്കണമെന്ന ഉത്തരവ് നിലവിലിരിക്കെ ആയത് ലംഘിച്ച് പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 89 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത്. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ 7 പാരിപ്പള്ളിയിൽ 3, ചാത്തന്നൂർ 2 വ്യാപാര സ്ഥാപനങ്ങൾ നിബന്ധനകൾ ലംഘിച്ച് പ്രവർത്തിപ്പിച്ചതിന് സ്ഥാപന ഉടമകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. അനുവദനീയമായ എണ്ണത്തിൽ കൂടുതൽ യാത്രക്കാരെ സാമൂഹ്യഅകലം പാലിക്കാതെ കയറ്റിയതിന് കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ 5 സ്വകാര്യ ബസുകൾ പിടിച്ചെടുക്കുകയും കണ്ടക്ടർമാർക്കെതിരെ കേസ്‌രജിസ്റ്റർ ചെയ്യുകയും ചെയ്തു. സിറ്റി പോലീസ് പരിധിയിലെ 16 സ്റ്റേഷനുകളിലും പോലീസിനെ സഹായിക്കുന്നതിനായിപോലീസ് വോളന്റിയർമാരെ തെരഞ്ഞെടുത്ത് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളതാണ്.കൊവിഡ്-19 വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിരിക്കുന്നവർ ക്വാറന്റൈൻ ലംഘനം നടത്തുന്നില്ലാഎന്നുറപ്പ്വരുത്താൻ കർശന സുരക്ഷാസംവിധാനമാണ് പോലീസ്ഒരുക്കിയിരിക്കുന്നത്. പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നവർകർശനമായും മാസ്ക് ധരിക്കേണ്ടതാണെന്നും വ്യാപാര സ്ഥാപനങ്ങൾ ശുചീകരണസംവിധാനങ്ങൾ ഒരുക്കി ജനങ്ങളെ പ്രവേശിപ്പിക്കേണ്ടതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.